പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3888 — 24.08.2017-ലെ മറുപടിക്ക്

പട്ടികജാതി കോളനികളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ വികസനം ലക്ഷ്യമാക്കി അംബേദ്കർ ഗ്രാമവികസന പരിപാടി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ ഒരു കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോർപ്പസ് ഫണ്ടിൽ നിന്നാണ് അംബേദ്കർ ഗ്രാമവികസന പരിപാടിക്ക് തുക വിനിയോഗിക്കുന്നത്. 2016-17 ൽ 196 സങ്കേതങ്ങൾക്കായി 98 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ ജില്ലാ കളക്ടർമാർ മുഖേനയും സങ്കേത വികസനത്തിനാവശ്യമായ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ